# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 05 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

**ശക്തമായ പ്രവർത്തനങ്ങളുമായി ആരോഗ്യവകുപ്പ് :**
**ഇതുവരെ ചികിത്സ തേടിയത് 54,000 ൽ അധികം പേർ**

മണ്ഡല-മകരവിളക്ക് കാലത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി മുന്നോട്ടുപോകുകയാണ് ആരോഗ്യവകുപ്പ്. ഹെൽത്ത് നോഡൽ ഓഫീസറായ ഡോ. സുരേഷ്ബാബുവിന്റെ നേതൃത്വത്തിൽ നീലിമല, അപ്പാച്ചിമേട്, ചരൽക്കുന്ന്, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആറ് ആശുപത്രികളിലായി വെന്റിലേറ്റർ ഉൾപ്പെടെ ജീവൻരക്ഷാ സൗകര്യങ്ങളും മരുന്നുകളും ഒരുക്കിക്കൊണ്ടുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്.

ഈ വർഷം തീവ്ര പരിചരണം വേണ്ട രോഗികളെ സന്നിധാനത്തുനിന്നും പമ്പയിലേക്ക് എത്തിക്കുന്നതിനായി തയ്യാറാക്കിയ ഓഫ് റോഡ് ആംബുലൻസ് സൗകര്യമാണ് പ്രാധാന്യമർഹിക്കുന്നത്. തീർത്ഥാടനം തുടങ്ങി 21 ദിവസമാകുമ്പോൾ പ്രതിദിനം 3200 ൽ അധികം ഭക്തന്മാരാണ് ശബരിമലയിൽ പ്രവർത്തിക്കുന്ന (പമ്പ മുതൽ സന്നിധാനം വരെ) ആശുപത്രികളിൽ ചികിത്സ തേടിയെത്തിയത്. സന്നിധാനത്തുമാത്രം പ്രതിദിനം 1200 പേർ ചികിത്സ തേടിയെത്തുന്നുണ്ടെന്ന് ഡോ. സുരേഷ്ബാബു പറഞ്ഞു.

വിവിധ കേന്ദ്രങ്ങളിലായി 54929 ൽ അധികം പേർ ഇതിനോടകം ചികിത്സ തേടിക്കഴിഞ്ഞു. ഹൃദയസംബന്ധമായ അസുഖങ്ങളുമായെത്തിയവർ ആറായിരത്തിൽ അധികമാണ്. ഇവർക്കായി സന്നിധാനം മുതൽ പമ്പവരെയുള്ള രണ്ട് കാനനപാതകളുടെ വശങ്ങളിലുമായി 18 എമർജൻസി മെഡിക്കൽസെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ പരിശീലനം സിദ്ധിച്ച നഴ്സിംഗ് സ്റ്റാഫുകളും അയ്യപ്പസേവാസംഘം വോളിന്റിയർമാരും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

ഓക്സിജൻ പാർലറുകൾക്കൊപ്പം ഹൃദയസ്തംഭനമുണ്ടായവർക്ക് അടിയന്തിര ചികിത്സ നൽകി ഹൃദയം പ്രവർത്തിപ്പിക്കുന്നതിനുള്ള ഉപകരണമായ ഓട്ടോമേറ്റഡ് എക്സ്റ്റേണൽ ഡീഫിബ്രിലേറ്ററുകളും എല്ലാ എമർജൻസി മെഡിക്കൽ സെന്ററുകളിലുമായി 10 സ്ട്രെക്ച്ചർ പോയിന്റുകളും 24 മണിക്കൂറും തയ്യാറാണ്. ഐസിയു സംവിധാനമുൾപ്പെടെയുള്ള ആറ് ആശുപത്രികളിലുമായി രണ്ട് വീതം കാർഡിയോളജിസ്റ്റുകളും മറ്റ് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ജോലി നോക്കുന്നു. എല്ലാ ആശുപത്രികളിലും ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും ഡോ. സുരേഷ്ബാബു പറഞ്ഞു.

പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് തീർത്ഥാടകരുടെ ബോധവൽക്കരണത്തിനുമായി വിവിധ അവബോധ പ്രവർത്തനങ്ങൾക്കൊപ്പം ലഘുലേഘകൾ ബാനറുകൾ പോസ്റ്ററുകൾ തുടങ്ങിയവ തീർത്ഥാടകർ തിങ്ങി നിറയുന്ന ക്ഷേത്രങ്ങളിലും ബസ് സ്റ്റാന്റുകളിലും പമ്പ മുതൽ സന്നിധാനംവരെ വിവിധയിടങ്ങളിലും സജ്ജമാക്കിയിട്ടുണ്ട്. ഹൃദ്രോഗബാധമൂലം എട്ട് അയ്യപ്പഭക്തരും വാഹന അപകടങ്ങളിൽ രണ്ടുപേരും നിലയ്ക്കലിൽവച്ച് ആന ആക്രമിച്ച് ഒരാളുമാണ് ഇതുവരെ മരണപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

## അന്നദാന മണ്ഡപത്തിലെ വിളമ്പുകാർക്ക് പുതിയ യൂണിഫോം

അന്നദാന മണ്ഡപത്തിലെ വിളമ്പുകാർക്ക് പുതിയ യൂണിഫോം ഏർപ്പെടുത്തി.നീല മുണ്ടും വെള്ള ടീ ഷർട്ടുമാണ് പുതിയ വേഷം.സന്നിധാനത്തെത്തിയ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിനോട് ഭക്തർ പറഞ്ഞ പരാതി നേരിൽ കണ്ട് വിലയിരുത്തിയ ശേഷമാണ് വിളമ്പുകാരായ അയ്യപ്പൻമാർക്ക് പുതിയ ഡ്രസ് കോഡ് ദേവസ്വം പ്രസിഡന്റ് നിർദേശിച്ചത്.

ഒരേ തരത്തിലുള്ള വേഷമാണ് ഭക്തരും അന്നദാന മണ്ഡപത്തിലുള്ളവരും ധരിക്കുന്നതെന്നതിനാൽ വിളമ്പുന്നവരെ തിരിച്ചറിയാൻ കഴിയുന്നില്ലെന്നും ഇക്കാരണത്താൽ തങ്ങൾക്ക് ഭക്ഷണം ആരോട് ചോദിക്കണമെന്ന ആശങ്കയുണ്ടെന്നുമാണ് ഭക്തരിൽ നിന്നും പ്രസിഡന്റിന് ലഭിച്ച പരാതി.പ്രഭാത ഭക്ഷണത്തിന് അന്നദാന മണ്ഡപത്തിലെത്തിയ ദേവസ്വം പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണനും അംഗം അജയ് തറയിലും പരാതിയിൽ കഴമ്പുണ്ടെന്ന് തിരിച്ചറിഞ്ഞിരുന്നു.ഇതേത്തുടർന്ന് ബോർഡംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ദേവസ്വം പ്രസിഡന്റ് പുതിയ യൂണിഫോം നിർദേശിക്കുകയും വിളമ്പുകാരായ അയ്യപ്പൻമാർക്ക് ഔദ്യോഗികമായി യൂണിഫോം കൈമാറുകയും ചെയ്തു.

## ആകാശ വീക്ഷണം വഴി ശബരിമല യൂട്യൂബിൽ : ഉന്നതതല അന്വേഷണം ആവശ്യമെന്ന് ദേവസ്വം പ്രസിഡന്റ്

ഡ്രോൺ ഉപയോഗിച്ച് എടുത്ത ശബരിമലയുടെ ദൃശ്യങ്ങൾ യൂട്യൂബിൽ വന്നത് സംബന്ധിച്ച് ഉന്നത തലത്തിലുള്ള അന്വേഷണം ആവശ്യപ്പെട്ട് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ.

ശബരിപീഠം, സന്നിധാനം, കാനന പാതകൾ, പതിനെട്ടാം പടി ഉൾപ്പെടെ വ്യക്തമാക്കുന്ന വീഡിയോ ദൃശ്യങ്ങളാണ് ഒരു സ്വകാര്യ ഏജൻസിയുടെ പേരിൽ യൂ ട്യൂബിൽ പ്രചരിച്ചത്. വിവരമറിഞ്ഞയുടൻ സന്നിധാനം പോലീസ് കണ്ട്രോളറെ ബന്ധപ്പെട്ടിരുന്നു .സംസ്ഥാന പോലീസ് മേധാവിയ്ക്കും ഇതേക്കുറിച്ച് വിവരം നൽകിയിട്ടുണ്ട്.ഡിജിപിയെ വിവരം ധരിപ്പിച്ചതിനെത്തുടർന്ന് വീഡിയോകൾ യൂട്യൂബിൽ നിന്നും നീക്കം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ദൃശ്യങ്ങൾ ചുരുങ്ങിയ സമയം കൊണ്ട് ആർക്കും ഡൗൺലോഡ് ചെയ്യാമെന്നിരിക്കെ യൂ റ്റ്യൂബിൽ നിന്നും പിൻവലിച്ചതു കൊണ്ട് മാത്രം സുരക്ഷാ പിഴവിന് പരിഹാരമാകില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ശക്തമായ സുരക്ഷാ സംവിദാനമാണ് ശബരിമലയ്ക്കായി ഒരുക്കിയിട്ടുള്ള ത്.ബാബറി മസ്ജിദ് ദിനത്തോടനുബന്ധിച്ച് സുരക്ഷ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ദൃ ശ്യങ്ങൾ പകർത്തിയതും പ്രചരിച്ചതുമായ സംഭവത്തെക്കുറിച്ച് ഉന്നതല അന്വേഷണം നടത്തേണ്ടത് അത്യാവശ്യമാണ്.എന്നാൽ ഭയജനകമായ സാഹചര്യങ്ങളൊന്നും ശബരി മലയെ സംബന്ധിച്ച് ഇല്ലെന്നും സമാനത എന്ന ആശയം ഉൾക്കൊള്ളുന്ന ശബരിപീഠ ത്തിനും ഭക്തർക്കും ആശങ്കാജനകമായ ഒന്നും സംഭവിക്കില്ലെന്നും പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു.

മണ്ഡല-മകരവിളക്ക് ക്രമീകരണങ്ങൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു.സുരക്ഷാ ഏജൻസികൾ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന ഏതു നിലപാടിനും ദേവസ്വം ബോർഡിന്റെ പിന്തുണയുണ്ടാകും.സാഹചര്യങ്ങൾ വിലയിരുത്തുന്നതിനുൾപ്പെടെ ദേ വസ്വം പ്രസിഡന്റും രണ്ടു ബോർഡംഗങ്ങളും ശബരിമലയിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

**കൊപ്രക്കളം ശുചിയാക്കൽ : ദേവസ്വം ബോർഡ് യോഗം വിളിക്കും**

സന്നിധാനത്തെ കൊപ്രക്കളത്തിനു ചുറ്റുമായി കൂട്ടിയിരിക്കുന്ന ചിരട്ടകൾ ഒഴിവാ ക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാ ലകൃഷ്ണൻ.വർഷങ്ങളായി ഉപയോഗിക്കുന്ന കൊപ്രക്കളത്തിനു ചുറ്റുമായി കൂട്ടിയിട്ടിരി ക്കുന്ന ചിരട്ടകളിൽ അഗ്നിബാധയുണ്ടായാൽ അത് നിയന്ത്രണവിധേയമാക്കുന്നതിന് ദി വസങ്ങളോളം വേണ്ടി വരുമെന്ന് ശബരിമലയിൽ നടന്ന അവലോകന യോഗത്തിൽ അ ഗ്നിശമന സേനാ ഉദ്യോഗസ്ഥർ വ്യക്തമാക്കിയിരുന്നു.

കൊപ്രക്കളത്തിലും പരിസരങ്ങളിലുമായി കുന്നോളം ഉയരത്തിലാണ് പല വശ ങ്ങളിലുമായി കൊപ്ര മാറ്റിയ ചിരട്ടകൾ.ഇത് കത്തിക്കുന്നത് പരിസ്ഥിതി പ്രത്യാഘാത ങ്ങളുണ്ടുക്കുമെന്നതിനാലും വനം വകുപ്പ് അനുമതിയില്ലാത്തതിനാലും പ്രായോഗി കമല്ല. സന്നിധാനത്തു നിന്നും ചിരട്ടകൾ പമ്പയിലെത്തിക്കുന്നതിന് സാമ്പത്തിക ചിലവ് ഏറെയുമാണ്.

ഈ സാഹചര്യത്തിൽ ചിരട്ടകൾ നീക്കുന്നതു സംബന്ധിച്ചും സുരക്ഷാ നടപടി കൾ ചർച്ച ചെയ്യുന്നതിനുമായി വനംവകുപ്പ്, ഫയർഫോഴ്സ്, പോലീസ് , മറ്റ് സുരക്ഷാ ഏജൻസികൾ ഉൾപ്പെടെയുള്ളവരുടെ യോഗം ദിവസങ്ങൾക്കുള്ളിൽ വിളിച്ചു ചേർക്കു മെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു.

**ബാബറി ദിനം : ശബരിമലയിൽ ശക്തമായ സുരക്ഷയൊരുക്കി സേനകൾ**

ബാബറി മസ്ജിദ് ദിനാചരണത്തോടനുബന്ധിച്ച് ശബരിമലയ്ക്ക് ശക്തമായ സുരക്ഷയൊരുക്കി പോലീസും മറ്റ് സേനകളും. സുരക്ഷാ നടപടികൾ കർശനമാക്കുന്ന തിന്റെ ഭാഗമായി പമ്പ മുതൽ സന്നിധാനം വരെ പലയിടങ്ങളിലും സേനയെ വിന്യസി ച്ചു കഴിഞ്ഞു.ഇതോടൊപ്പം ദ്രുതകർമ്മ സേനയുടെ സംഘങ്ങളും സന്നിദാനവും പരിസ ര പ്രദേശങ്ങളും സുരക്ഷാ വലയത്തിലാക്കിയിട്ടുണ്ട്.

കർപ്പൂരാഴിയിൽ സുരക്ഷയുടെ ഭാഗമായി ഇന്നും നാളെയും ഭക്തർക്ക് നേരിട്ട് നാ ളീകേര സമർപ്പണം നടത്താൻ അനുവാദമില്ല.ഇതിനു പകരം സംവിധാനമായി ആഴിക്കു ചുറ്റും സുരക്ഷാ വലയം തീർത്തിരിക്കുന്ന പോലീസിന്റെ സമീപത്ത് വച്ചിരിക്കുന്ന പെട്ടി യിൽ തേങ്ങകൾ സമർപ്പിക്കാം.ഇത് ആഴിയിലേക്ക് നിക്ഷേപിക്കുന്നതിനായി തിരിച്ചറി യൽ കാർഡ് നൽകിയിട്ടുള്ളവരെ പ്രത്യേകമായി വിന്യസിച്ചിട്ടുണ്ട്.

ഇതോടൊപ്പം ശബരിമലയിൽ ജോലി നോക്കുന്നവർക്ക്  തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ അതില്ലാത്തവരെ കണ്ടെത്തി പിടികൂടുന്നതിനുള്ള നടപടികളും പോലീസ് ഊർജ്ജിതമാക്കി. സന്നിധാനത്തെ കടകളിലും ഹോട്ടലുകളിലും തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യാൻ മണ്ഡലക്കാലത്ത് നിരവധിപേരാണ് എത്തുന്നത്.  ക്രിമിനൽ പശ്ചാത്തലമുള്ളവർ ജോലിക്കായി എത്തുന്നത്  തടയാൻ പൊലീസിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട്  ഹാജരാക്കുന്നവർക്കേ ജോലി നൽകാൻ പാടുള്ളൂ എന്നതാണ് നിർദേശം. ഇത് പാലിക്കാത്തവരെ കണ്ടെത്തി സന്നിധാനത്തുനിന്നും മടക്കിയയക്കും.താൽക്കാലിക ജോലിക്കാരെ ഉൾപ്പെടെ ഇത്തരത്തിൽ പരിശോധിക്കുന്നുണ്ട്. ഉൾവനങ്ങളിൽ വനംവകുപ്പ് അധികൃതരും കാനന പാതകളിലുൾപ്പെടെ ദ്രുതകർമ്മ സേനയും മറ്റ് സേനാംഗങ്ങളും സംയുക്ത പരിശോധനയും നടത്തി വരുന്നു.

ഇന്ന് സോപാനത്തിലേക്കുള്ള പ്രവേശനം പുലർച്ചെ മൂന്നിന് മാത്രമേ ആരംഭിക്കുകയുള്ളൂ.തീർഥാടകർ ഇരുമുടിക്കെട്ട് മാത്രം കൊണ്ടുവരാൻ ശ്രദ്ധിക്കണം. മൊബൈൽ ഫോണുകൾ, ആയുധങ്ങൾ ,മറ്റു ലഗേജുകൾ എന്നിവ ഒഴിവാക്കണം. സോപാനത്തിനും സമീപ്രദേശങ്ങളിലും വച്ച് തീർഥാടകരെ ഇരുമുടിക്കെട്ട് തുറക്കാൻ അനുവദിക്കില്ല.

ഇരുമുടികെട്ടിലെ നെയ്തേങ്ങയിലെ നെയ് ഒഴിക്കാനായി നാഗർ ക്ഷേത്രത്തിന് പിന്നിലും മാളികംപ്പുറം ഫ്ളൈഓവറിനും പിന്നിലായും നെയ്ത്തോണി സജ്ജീകരിച്ചിട്ടുണ്ടാവും. മാളികപ്പുറം, ഭസ്മക്കുളം എന്നിവിടങ്ങളിൽ നിന്നും തീർഥാടകരെ ഇന്നലെ സോപാനത്തിലേക്ക് കടത്തിവിട്ടില്ല. സോപാനത്തിന് അകത്തേക്കും പുറത്തേക്കും ഒരു തരത്തിലുള്ള ലഗേജുകളുടെയും കയറ്റിറക്കും ഇന്നലെ അനുവദിച്ചിരുന്നില്ല

## കുന്നോളം കഥപറയാനുണ്ട് ശബരിമലയിലെ കൊപ്രാപ്പുരകൾക്ക്

അയ്യപ്പൻമാർ പതിനെട്ടാംപടിക്കരികിൽ എറിഞ്ഞുടക്കുന്ന തേങ്ങയുടെ പിന്നാലെ പോയാൽ കുന്നോളം കഥകൾ കേൾക്കാം. തേങ്ങ ശേഖരിച്ച് ഗുഹാവഴിയിലൂടെ കൊപ്രാക്കളത്തിലെത്തുംവരെ വലിയ അധ്വാനത്തിന്റെ ചരിത്രവും സത്യവും ഇരുളടഞ്ഞ് കിടക്കുന്നു.

മണ്ഡല സീസണിലെ തുടക്കത്തിൽ ലേലം വിളിച്ചാണ് കൊപ്രസംഭരിക്കാനുള്ള അവകാശം നേടിയെടുക്കുന്നത്. നിലവിൽ വേലഞ്ചിറ സുകുമാരനാണ് കൊപ്രശേഖരിക്കുന്നത്. 500 അധികം തൊഴിലാളികളുടെ രാപകലില്ലാത്ത അധ്വാനമാണ് ഇദ്ദേഹത്തിന് തുണയായിട്ടുള്ളത്. ഇവരിൽ പ്രധാനചുമതല മുപ്പത്തിരണ്ട് വർഷമായി ഇദ്ദേഹത്തിന്റെ സന്തത സഹചാരിയായ പത്മാകരനാണ്.

ദേവസ്വം ആവശ്യത്തിന് ശേഷമുള്ള തേങ്ങകൾ മാത്രമേ കരാറുകാരൻ ശേഖരിക്കാൻ പാടുള്ളൂ. ഏഴു കങ്കാണിമാർ അവരുടെ തൊഴിലാളിമാരെ ഉപയോഗപ്പെടുത്തി മാറിമാറി തേങ്ങശേഖരിക്കുന്നു. ചേര് എന്ന് പറയുന്ന കളത്തിൽ തീകൊള്ളിച്ച് തേങ്ങയുടെ കാമ്പ് ചിരട്ടയിൽ നിന്ന് ഇളക്കാൻ പരുവത്തിലാവുമ്പോൾ ഇറക്കും.

പാരയുപയോഗിച്ച് ചിരട്ടയിൽ നിന്ന് കാമ്പ് ഇളക്കിമാറ്റുന്നു. പിന്നീട് ഇത് ഡ്രൈയറിൽ ഉണക്കിയാണ് കൊപ്രയാക്കുന്നത്. ചിരട്ടതന്നെയാണ് പ്രധാനമായും കത്തിക്കാനുപയോഗിക്കുന്നത്. കൊപ്ര ചാക്കുകളിലാക്കി ട്രാക്ടറിൽ പമ്പയിലെത്തിക്കുന്നത് വരെ വളരയേറെ പരിശ്രമം ഉണ്ട്.

മഴ കൊപ്രാക്കളങ്ങൾക്ക് എന്നും ഭീഷണിയാണ്. വിദഗ്ധതൊഴിലാളികളുടെ അഭാവമാണ് മറ്റൊരു പ്രധാന വെല്ലുവിളി. അഞ്ചുകൊട്ട തേങ്ങയുടെ ചിരട്ട രണ്ടു മണിക്കൂറിനുള്ളിൽ  നീക്കം ചെയ്യുന്ന തൊഴിലാളികൾവരെ ഉണ്ട്. പണിയറിയാത്ത തൊഴിലാളിക്ക് ഇത് വൈകുന്നേരമായാലും ചെയ്തു തീർക്കാനാവില്ല. മാത്രവുമല്ല പണിയറിയാത്തവർക്ക് പാരകൊണ്ട് കൈക്ക് പരിക്കേൽക്കുകയും ചെയ്യും.

ശബരിമലയുടെ ക്ഷേത്രവികസനത്തിന്റെ സഹചാരിയായിരുന്നു കൊപ്രാക്കളങ്ങളും. ഇന്ന് സന്നിധാനം എസ് ഒ യുടെ ഓഫീസ് നിലനിന്നരുന്ന സ്ഥലത്ത് പണ്ട് കൊപ്രാക്കളങ്ങളായിരുന്നു. കാട് തെളിച്ച് കളങ്ങരൊരുക്കി;കാട്ടിൽ നിന്ന് ശേഖരിക്കുന്ന വിറകും മറ്റും ശേഖരിച്ചായിരുന്നു കൊപ്രാക്കളങ്ങൾ അന്ന് തയ്യാറാക്കിയിരുന്നത്. ഇന്ന് തൊഴിലാളികളുടെ എണ്ണം കൂടി. അവർക്കുള്ള പാചകത്തിനായി എട്ട് പാചകക്കാർ തന്നെയുണ്ട്. മാസപൂജ സമയത്തും കൊപ്രാക്കളം സജീവമാണ്. ശബരിമലയുടെ ചരിത്രവഴിയിൽ വിസ്മരിക്കാനാവാത്ത ഏടുതന്നെയാണ് കൊപ്രാക്കളങ്ങളും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.